# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3588** **20.10.2016-ൽ മറുപടിക്ക്**

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മാണം

| ചോദ്യം<br>**ശ്രീ. ജി. എസ്. ജയലാൽ** | മറുപടി<br>**ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതും നികത്താനായി കൃഷി വകുപ്പിന്റെ അനുമതി തേടിയിട്ടുള്ളതുമായ നിലത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള നിലത്തിന്റെ അളവ് 0.113 ഹെക്ടർ ആണ്. |
| (ബി) പ്രസ്തുത നിലം നികത്തുന്നതിന് കൃഷി വകുപ്പ് ഇതിനകം അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇതിൽ 0.0490 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. 0.0623 ഹെക്ടർ നിലം കൂടി കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം 2008 പ്രകാരം ഒഴിവാക്കി നികത്തുന്നതിനുള്ള കൃഷി വകുപ്പിന്റെ ഉത്തരവ് ലഭിക്കാനുണ്ട്. |
| (സി) പള്ളിക്കമണ്ണടി പാലത്തിന്റെ ആവശ്യത്തിനായി അതിർത്തി തിരിച്ചിട്ടുള്ളതും അനുമതി തേടിയിട്ടുള്ളതുമായ ഭൂമി ഏറ്റെടുക്കാൻ അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) പള്ളിക്കമണ്ണടി പാലം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവയ്ക്കുള്ള സ്ഥലമെടുപ്പിന് ജില്ലാതല പർച്ചേസ് കമ്മിറ്റി മുന്നോട്ട് വെച്ച സ്ഥല വിലയ്ക്ക് ഭൂരിപക്ഷ ഭൂഉടമകളും സമ്മതപത്രം നൽകിയിട്ടില്ല. ബാക്കി നിലം നികത്തുന്നതിനുള്ള അംഗീകാരം തേടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ